വിഭാഗക്കാർ ഇടകലർന്നു നിവസിക്കുന്ന ഇന്ത്യയിൽ സ്റ്റേറ്റ് മതനിരപേക്ഷം (സെക്യുലർ) ആയേ പറ്റൂ. രാഷ്ട്രീയം മതകാര്യങ്ങളിൽ കൈയിടരുത്. മതസ്ഥാപനങ്ങൾ രാഷ്ട്രീയകാര്യങ്ങളിലും കൈയിടരുത്. രാഷ്ട്രീയം കൈയിലെടുക്കാതെതന്നെ, മതസ്ഥാപനങ്ങൾക്ക് പ്രയോജനകരമായ ഒട്ടേറെ പ്രവർത്തനങ്ങൾ ഇന്ത്യയിൽ നിർവഹിക്കാനുണ്ട്. മതവും രാഷ്ട്രീയവും തമ്മിൽത്തമ്മിൽ വേർപെടുത്താനാവാത്തവയാണെന്നു വാദിക്കുന്നവർ ഇന്ത്യയിൽ സമാധാനമോ പുരോഗതിയോ ആഗ്രഹിക്കുന്നവരല്ല. 'മതസ്ഥാപനങ്ങളെ ദുരുപയോഗപ്പെടുത്തുന്നതു തടയുന്നതിനുള്ള 1988–ലെ നിയമ'ത്തിനെതിരായ പ്രക്ഷോഭണം കേരളത്തിൽ നടത്തുന്നവരോട്, ഈ രാഷ്ട്ര–വിരുദ്ധ പ്രവർത്തനത്തിൽനിന്ന് പിൻവാങ്ങാൻ ഞാൻ അഭ്യർത്ഥിക്കുന്നു. ഇന്ത്യയിൽ മതന്യൂനപക്ഷങ്ങളുടെ ജീവിതഭദ്രത രാഷ്ട്രത്തിന്റെ മതനിരപേക്ഷതയെ ആശ്രയിച്ചിരിക്കുന്നു എന്ന മൗലികവസ്തുത അവർ മറക്കാതിരിക്കട്ടെ.

(10 ഒക്ടോബർ, 1988)

# 36. പതിനെട്ടു വയസ്സിൽ വോട്ട്?

സാധാരണ നിലയിൽ, ഇനി പതിന്നാലു മാസങ്ങൾകൂടി കഴിഞ്ഞാൽ ഇന്ത്യയിൽ പൊതുതിരഞ്ഞെടുപ്പ് നടക്കേണ്ടതാണ്.

പാർലമെന്റിലേക്കും സംസ്ഥാന നിയമസഭകളിലേക്കും വോട്ടുചെയ്യാനുള്ള അർഹത, ഭരണഘടനയിലെ 326–ാം വകുപ്പുമൂലം നിശ്ചയിക്കപ്പെട്ടിരിക്കുന്നു. പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിലായിരിക്കും തിരഞ്ഞെടുപ്പുകൾ എന്നും, നിശ്ചിതമായ തീയതിയിൽ ഇരുപത്തൊന്നു വയസ്സിൽ കുറയാത്തവർക്ക്, അയോഗ്യതകൾ ഇല്ലെങ്കിൽ, വോട്ടർ എന്ന നിലയിൽ പേര് രജിസ്റ്റർചെയ്യാൻ അവകാശമുണ്ടെന്നും ഈ വകുപ്പ് വിധിക്കുന്നു.

പൗരന് പ്രായപൂർത്തിവരുന്നതു് ഇരുപത്തൊന്നാം വയസ്സിലാണെന്നതാണ് ഭരണഘടനയുടെ കാഴ്ചപ്പാട്. 1875–ലെ ഇന്ത്യൻ പ്രായപൂർത്തി നിയമം, 1890–ലെ രക്ഷാകർത്തൃ–രക്ഷിത നിയമം, 1925–ലെ ഇന്ത്യൻ പിന്തുടർച്ച നിയമം, 1872_ലെ ഇന്ത്യൻ ക്രിസ്ത്യൻ വിവാഹനിയമം, 1954–ലെ പ്രത്യേക വിവാഹനിയമം മുതലായ പല നിയമങ്ങളും പ്രായപൂർത്തിയായി അംഗീകരിക്കുന്നതു് ഇരുപത്തൊന്നാം വയസ്സിനെത്തന്നെയാണ്. അതേസമയം വിവാഹത്തെ സംബന്ധിച്ചിടത്തോളം പെൺകുട്ടികൾക്ക് പതിനെട്ടാം വയസ്സിൽ പ്രായപൂർത്തി കൈവരുന്നതായി അംഗീകരിക്കപ്പെട്ടിരിക്കുന്നു. കരാറിൽ ഒപ്പിടുന്നതിനും ഡ്രൈവിങ് ലൈസൻസ് നേടുന്നതിനും ജോലിയിൽ പ്രവേശിക്കുന്നതിനും മറ്റും ആവശ്യമായ പ്രായപൂർത്തി, ആൺകുട്ടികൾക്കും പതിനെട്ടാം വയസ്സിൽ വന്നുചേരുന്നു.

ഇതിനർത്ഥം പ്രായപൂർത്തി എത്രാമത്തെ വയസ്സിൽ എന്ന കാര്യത്തിൽ ഇന്ത്യയിലെ നിയമത്തിന് ഏകാഭിപ്രായമില്ല എന്നാണ്.

മിക്ക ജനാധിപത്യ രാഷ്ട്രങ്ങളിലും പതിനെട്ടു വയസ്സായവർക്ക് വോട്ടവകാശം നൽകപ്പെട്ടിരിക്കുന്നു. ബ്രിട്ടൻ, അമേരിക്ക, സോവിയറ്റ് യൂനിയൻ, ഫ്രാൻസ്, രണ്ടു ജർമനികൾ മുതലായ രാഷ്ട്രങ്ങളിൽ സ്ഥിതി ഇതാണ്. ക്യൂബയിലും നിക്കരാഗ്വയിലും ബ്രസീലിലും പതിനാറു വയസ്സായവർക്ക് വോട്ടവകാശം ഉണ്ട്. ജപ്പാനിൽ ഒരാൾ വോട്ടറാകുന്നതു് ഇരുപതാം വയസ്സിലാണ്.

എന്തുകൊണ്ട് ഇന്ത്യയിലെ യുവജനങ്ങൾക്ക് പതിനെട്ടാം വയസ്സിൽ വോട്ടവകാശം നൽകിക്കൂടാ?

ഈ പ്രശ്നം ഔദ്യോഗികതലത്തിൽ ആദ്യമായി ഉന്നയിച്ചതു് 1971-ൽ കേന്ദ്ര നിയമവകുപ്പു് കേന്ദ്രമന്ത്രിസഭയ്ക്കു് അയച്ച ഒരു കുറിപ്പിലായിരുന്നു.

വോട്ടിങ് പ്രായം പതിനെട്ടു വയസ്സാക്കണമെന്നു് ആവശ്യപ്പെട്ടുകൊണ്ടു് ഒരു പ്രമേയം 1970-ൽ കേരള നിയമസഭ പാസ്സാക്കിയിരുന്നു. രാഷ്ട്രീയപ്പാർട്ടികൾ ഈ പ്രശ്നം കൂടെക്കൂടെ ചർച്ചാവിഷയമാക്കിയിരുന്നു. പാർലമെൻറിൽ ഇതു സംബന്ധിച്ചു് ചോദ്യങ്ങളും സാധാരണയായിരുന്നു.

1971-ൽ കേന്ദ്രത്തിൽ അധികാരത്തിലിരുന്ന മന്ത്രിസഭയുടെ അഭിപ്രായത്തിൽ, വോട്ടവകാശത്തിൻെറ പ്രായപരിധി ഇരുപത്തിയൊന്നിൽനിന്നു പതിനെട്ടായി ചുരുക്കുകയെന്നതു് അടിയന്തരപ്രാധാന്യമുള്ള ഒരു കാര്യമായിരുന്നില്ല. എന്നാലും ഈ പ്രശ്നത്തിൻെറ വ്യത്യസ്തവശങ്ങൾ പരിശോധിച്ചു് റിപ്പോർട്ടു് നൽകാൻ, അന്നു് ടൂറിസം-വിമാനഗതാഗതമന്ത്രിയായിരുന്ന ഡോ. കരൺസിംഹിനെ, 1971 ജൂലൈ 23-നു യോഗം ചേർന്ന മന്ത്രിസഭ ചുമതലപ്പെടുത്തി. 1972 ഏപ്രിൽമാസത്തിൽ കരൺസിംഹ് ക്യാബിനററ് സെക്രട്ടേറിയററിനു സമർപ്പിച്ച കുറിപ്പിൽ വോട്ടവകാശത്തിൻെറ പ്രായപരിധി ഇരുപത്തിയൊന്നിൽനിന്നു പതിനെട്ടായി ചുരുക്കുന്നതിനെ അനുകൂലിച്ചിരുന്നു. 1972 ആഗസ്റ്റ് 10-നു ചേർന്ന കേന്ദ്രമന്ത്രിസഭയുടെ കാര്യപരിപാടിയിൽ ഉൾക്കൊള്ളിച്ചിരുന്ന ഈ പ്രശ്നം, എന്തുകാരണത്താലോ, ചർച്ചചെയ്യപ്പെടാതെ പോയി.

പിന്നീടു് 1978-ലും 1979-ലും ക്യാബിനററ് കമ്മററികൾ ഈ പ്രശ്നം പരിഗണിച്ചു. ഈ വിഷയം സംബന്ധിച്ച ഒരു ബില്ലു് 1980 മാർച്ചിൽ ലോക്സഭയിൽ മധുദണ്ഡവതേ അവതരിപ്പിച്ചതു്, ഏതായാലും തള്ളിപ്പോവുകയാണുണ്ടായതു്.

ഇക്കഴിഞ്ഞ ഒക്ടോബർ 18-ാം തീയതി യോഗം ചേർന്ന കോൺഗ്രസ് പ്രവർത്തക സമിതി ഈ പ്രശ്നം പര്യാലോചിച്ചു. വോട്ടവകാശപ്രായം പതിനെട്ടു വയസ്സായി ചുരുക്കുന്നതിനെ രാജീവ് ഗാന്ധിയും നരസിംഹറാവുവും ശക്തിയായി പിൻതാങ്ങിയത്രേ. ചർച്ചയ്ക്കു ശേഷം, വോട്ടവകാശപ്രായം പതിനെട്ടു വയസ്സായി നിജപ്പെടുത്താൻ പ്രവർത്തകസമിതി കേന്ദ്ര സർക്കാരിനോടു് ശുപാർശചെയ്തു.

ഇതു സംബന്ധിച്ച നിയമം അടുത്ത സമ്മേളനത്തിൽ പാർലമെൻറിൻെറ പരിഗണനയ്ക്കു വരുമെന്നാണു് ഇപ്പോൾ പ്രതീക്ഷിക്കപ്പെടുന്നതു്. പാർലമെൻറിൽ അതു പാസ്സാക്കിയെടുക്കാൻ കഴിഞ്ഞാൽ 1990-ൽ നടക്കുന്ന പൊതുതിരഞ്ഞെടുപ്പിൽ പതിനെട്ടു വയസ്സായവർക്കു് വോട്ടുചെയ്യാൻ കഴിഞ്ഞേക്കും.

വോട്ടവകാശപ്രായം ചുരുക്കുന്നതിൽ പലതരം പ്രശ്നങ്ങൾ അന്തർഭവിക്കുന്നുണ്ടു്. പ്രായോഗികം, നിയമപരം, സാമൂഹ്യം, രാഷ്ട്രീയം എന്നു് ഈ പ്രശ്നങ്ങളെ പൊതുവെ നാലായി തരംതിരിക്കാം.

1988-ലെ മതിപ്പുകണക്കുകൾ അനുസരിച്ചു്, പതിനെട്ടിനും ഇരുപത്തൊന്നിനും ഇടയ്ക്കു പ്രായമുള്ള ഇന്ത്യക്കാരുടെ എണ്ണം നാലുകോടി നാലുത്തെട്ടു ലക്ഷത്തോളമാണു്. ഇവരുടെ മുഴുവൻ പേരും ചേർത്തു് വോട്ടർപ്പട്ടിക പുതുക്കി തയ്യാറാക്കുകയെന്നതു് പ്രയാസമേറിയ ഒരു കൃത്യമത്രേ. തിരഞ്ഞെടുപ്പു് അവസരത്തിൽ ഇത്രയുംപേർക്കുകൂടി വോട്ടുചെയ്യാൻ സൗകര്യങ്ങൾ നൽകുകയെന്നതും എളുപ്പമുള്ള പണിയല്ല. ഇതൊക്കെയാണു് വോട്ടവകാശപ്രായം ചുരുക്കുന്നതിൽ അടങ്ങിയ പ്രായോഗിക പ്രശ്നങ്ങൾ.

പതിനെട്ടു വയസ്സായവർക്കു് വോട്ടവകാശം നൽകണമെങ്കിൽ ഭരണഘടനയിലെ 326-ാം വകുപ്പിൽ ഭേദഗതി വരുത്തണമെന്നു് പറയേണ്ടതില്ല. ഇതോടൊപ്പം, വേറെയും പല നിയമങ്ങളിലും മാററം ആവശ്യമായിവരും. സ്വത്തവകാശം സംബന്ധിച്ച നിയമങ്ങളാണു് ഇവയിൽ മുഖ്യം. വോട്ടവകാശം നേടിയ ഒരാൾ സ്വന്തം സ്വത്തു് കൈകാര്യംചെയ്യാൻ പിന്നെയും മൂന്നു

വർഷം കാത്തിരിക്കണമെന്നു പറയുന്നതു് യുക്തിക്കു നിരക്കുന്നതല്ലല്ലോ. നിയമപരങ്ങളായ പ്രശ്നങ്ങൾ, ഇതുപോലെ, വേറെയുമുണ്ടാവാം.

വോട്ടവകാശപ്രായം ഇരുപത്തൊന്നിൽനിന്നു പതിനെട്ടിലേക്കു ചുരുക്കുന്നതിന്റെ സാമൂഹ്യപ്രശ്നങ്ങളാണു് ചർച്ചകൾക്കു കൂടുതൽ വിഷയമായിട്ടുള്ളതു്. രാഷ്ട്രത്തിന്റെ ഭാഗധേയം നിർണ്ണയിക്കുന്നവർക്കു് അനുപേക്ഷണീയമായ ബുദ്ധിപരവും രാഷ്ട്രീയവുമായ പക്വത പതിനെട്ടു വയസ്സുകാർക്കു് ഉണ്ടാവുമോ?

'ഇരുപത്തൊന്നു വയസ്സുകാർക്കു് പക്വത ഉണ്ടാകാമെങ്കിൽ പതിനെട്ടു വയസ്സുകാർക്കും അതു് ഉണ്ടായിക്കൂടെ?' എന്ന മറുചോദ്യമാണു് ഇതിനുള്ള സമാധാനം.

പതിനെട്ടിനും ഇരുപത്തൊന്നിനും ഇടയ്ക്കു പ്രായമുള്ളവർ കൂടുതലും കലാശാലാ വിദ്യാർത്ഥികളായിരിക്കും. അവർക്കു് വോട്ടവകാശം നൽകുന്നതിന്റെ ഒരു ദുഷ്ഫലം കലാശാലകളിലേക്കുകൂടി പാർട്ടി പൊളിറ്റിക്സ് കടത്തിക്കൊണ്ടുവരലാവില്ലേ?

ഈ പ്രായപരിധിക്കകത്തുള്ളവരുടെ ഒരു ചെറിയ ശതമാനം മാത്രമേ കലാശാലകളിൽ പഠിക്കുന്നവരായുള്ളു എന്നതാണു് ഇതിനു് ഉത്തരം. പതിനെട്ടിനും ഇരുപത്തൊന്നിനുമിടയ്ക്കു് പ്രായമുള്ള ഭാരതീയരിൽ അധികംപേരും പഠിപ്പില്ലാത്തവരോ, തൊഴിലില്ലാത്തവരോ, തൊഴിലിനുവേണ്ടി കാത്തിരിക്കുന്നവരോ ആണു്. രാഷ്ട്രീയകാര്യങ്ങളിൽ ഇവർക്കു് താല്പര്യം പൊതുവെ കുറവാകുന്നു. ജനാധിപത്യത്തിന്റെ ദുര്യോഗങ്ങളിലൊന്നാണു് യുവജനങ്ങളുടെ രാഷ്ട്രീയമായ ഉദാസീനത. ഇതു് അവരെ നയിക്കുക അശുഭപ്രതീക്ഷാശീലത്തിലേക്കും നൈരാശ്യത്തിലേക്കുമാണു്.

പതിനെട്ടു വയസ്സുകാർക്കു് വോട്ടവകാശം നൽകുന്നതുവഴി നമ്മുടെ യുവജനങ്ങൾക്കു് രാഷ്ട്രീയ കാര്യങ്ങളിൽ ക്രിയാത്മകവും ഗുണപരവുമായ താല്പര്യം ഉളവാക്കുക സാദ്ധ്യമാവുമെന്നാണു് മിക്ക രാഷ്ട്രീയ ചിന്തകരും കരുതുന്നതു്. തിരഞ്ഞെടുപ്പു് കൂടുതൽ ആദർശപ്രചോദിതമാക്കാൻ വോട്ടവകാശത്തിനുള്ള പ്രായപരിധി കുറയ്ക്കുന്നതുമൂലം സാദ്ധ്യമായേക്കും.

വിദ്യാർത്ഥികൾക്കു് പൊതുതിരഞ്ഞെടുപ്പുകളിൽ വോട്ടവകാശം നൽകിയാൽ പാർട്ടി പൊളിറ്റിക്സ് കലാശാലകളിൽ കടന്നുകൂടുമെന്ന ആരോപണത്തിലും കഴമ്പില്ല. ഇപ്പോൾതന്നെ വിദ്യാർത്ഥികളിൽ ഭൂരിപക്ഷവും ഏതെങ്കിലുമൊരു പാർട്ടിയുമായി ബന്ധപ്പെട്ടവരാണു്. പലരും സക്രിയ—പാർട്ടി പ്രവർത്തകരുമാണു്. വിദ്യാർത്ഥികൾ വോട്ടർമാർകൂടി ആകുന്നതു നിമിത്തം കലാശാലകളിൽ ഇപ്പോൾ ഉള്ളതിൽ കൂടുതൽ കുഴപ്പമൊന്നും സംഭവിക്കാനില്ല.

ഇന്നത്തെ ലോകം യുവജനങ്ങളുടേതാണു്. ത്വരിതഗതിയിൽ സംഭവിക്കുന്ന രാഷ്ട്രീയ—സാമ്പത്തിക—സാങ്കേതിക പരിവർത്തനങ്ങൾക്കു നേതൃത്വം നൽകാൻ യുവജനങ്ങൾക്കേ കഴിയൂ. ഇന്ത്യയെ അതിവേഗത്തിൽ വ്യവസായവൽക്കരിക്കുന്നതിനും അതിൽനിന്നുളവാകുന്ന പ്രശ്നങ്ങൾ ഉടനുടൻ പരിഹരിച്ചു് മുന്നേറുന്നതിനും നമ്മുടെ രാഷ്ട്രീയ നേതൃത്വത്തിൽ കൂടുതൽകൂടുതൽ പങ്കാളിത്തം യുവജനങ്ങൾക്കു നൽകുന്നതു് ആവശ്യമായിരിക്കുന്നു. പതിനെട്ടു വയസ്സു് തികഞ്ഞവർക്കു് വോട്ടവകാശം കൊടുക്കുന്നതിനു് ഏറ്റവുമധികം അനുകൂലമായ സാമൂഹ്യ വാദഗതി ഇതാകുന്നു. യുവജനങ്ങൾക്കു വോട്ടവകാശം ലഭ്യമാക്കുന്നതുവഴി അവരിൽ കൂടുതൽ ഉത്തരവാദിത്വബോധം ഉണർത്താനും സോഷ്യലിസം, മതനിരപേക്ഷത, ജനാധിപത്യം എന്നീ അടിസ്ഥാനമൂല്യങ്ങളിൽ അവർക്കു ദൃഢമായ വിശ്വാസം വളർത്താനും, ഒരുപക്ഷേ സാധിച്ചേക്കാം.

പതിനെട്ടു വയസ്സു തികഞ്ഞവർക്കു് വോട്ടവകാശം നൽകിയാൽ ഇപ്പോഴുള്ള വോട്ടർമാരുടെ എണ്ണം പെട്ടെന്നു നാലു കോടി നാല്പത്തെട്ടു ലക്ഷത്തോളം

അധികമാകുമെന്നു പറഞ്ഞുവല്ലോ. നിലവിലുള്ള മൊത്തം വോട്ടർമാരുടെ പതിനൊന്നു ശതമാനത്തോളം ആയിരിക്കും ഇതു്. ഈ പുതിയ വോട്ടർമാർ ആർക്കു വോട്ടുചെയ്യും? ഇവരുടെ വോട്ടുകൾ ഇന്ത്യയിൽ ഇന്നു നിലവിലുള്ള രാഷ്ട്രീയ സന്തുലനത്തിൽ എന്തു മാററങ്ങളാണു് ഉണ്ടാക്കുക? വോട്ടവകാശപ്രായം ചുരുക്കുന്നതിലടങ്ങിയ രാഷ്ട്രീയപ്രശ്നം ഇതാണു്.

ഇപ്പോൾ ശരാശരി ഒരു പാർലമെൻററി നിയോജകമണ്ഡലത്തിൽ ഏഴു ലക്ഷത്തി തൊണ്ണൂററി രണ്ടായിരം വോട്ടർമാരുണ്ടു്. പതിനെട്ടിനും ഇരുപത്തൊന്നിനും മദ്ധ്യേ വയസ്സുള്ള എൺപത്തേഴായിരം യുവാക്കളെക്കൂടി വോട്ടർമാരാക്കിയാൽ ഒരു പാർലമെൻററി നിയോജകമണ്ഡലത്തിലെ വോട്ടർമാരുടെ ശരാശരി എണ്ണം എട്ടുലക്ഷത്തി എൺപത്തേഴായിരമായി വർദ്ധിക്കും. പതിനൊന്നു ശതമാനം വർദ്ധനയാണു് വോട്ടർമാരുടെ ആകെ എണ്ണത്തിൽ ഇതുകൊണ്ടു് ഉണ്ടാവുക എന്നു പറഞ്ഞുവല്ലോ.

തെരഞ്ഞെടുപ്പുവിജയത്തെ സംബന്ധിച്ചിടത്തോളം വോട്ടർമാരുടെ പതിനൊന്നു ശതമാനമെന്നതു് പലപ്പോഴും നിർണായകഘടകമാണു്. പ്രത്യേകിച്ചും പല സ്ഥാനാർത്ഥികൾ ഒരേ സമയത്തു മത്സരിക്കുന്ന നിയോജകമണ്ഡലങ്ങളിൽ. പ്രായം കുറഞ്ഞ പുതിയ വോട്ടർമാർ ആർക്കുവേണ്ടിയായിരിക്കും വോട്ടുചെയ്യുക?

അവർ കോൺഗ്രസ്സിനുവേണ്ടി വോട്ടുചെയ്യുമെന്നു് രാജീവ്ഗാന്ധിയും നരസിംഹറാവുവും കരുതിയപ്പോൾ, കോൺഗ്രസ് പ്രവർത്തകസമിതിയിലെ ജനറൽ സെക്രട്ടറി ജഗന്നാഥ് പഹാഡിയയും സീതാറാം കേസരിയും കരുതിയതു നേരെ മറിച്ചാണെന്നു പത്രങ്ങളിൽ റിപ്പോർട്ടുണ്ടായിരുന്നു. പതിനെട്ടിനും ഇരുപത്തൊന്നിനും ഇടയ്ക്കു പ്രായമുള്ളവർ കോൺഗ്രസ്സിനെതിരായി വോട്ടുചെയ്യാനാണു് സാധ്യതയെന്നും അതിനാൽ അവർക്കു് വോട്ടവകാശം നൽകരുതെന്നും പഹാഡിയയും കേസരിയും ശക്തിയായി വാദിച്ചുവത്രേ.

കോൺഗ്രസ് ഇതര പാർട്ടികൾക്കാണു് കൂടുതൽ അച്ചടക്കമുള്ള വിദ്യാർത്ഥിയുവജനവിഭാഗങ്ങളുള്ളതു് എന്നാണു് പൊതുജനബോധ്യം. ഈ നില വെച്ചുനോക്കുമ്പോൾ വോട്ടവകാശത്തിന്റെ പ്രായപരിധിയിൽ ഇളവു വരുത്തുന്നതുകൊണ്ടു് കൂടുതൽ പ്രയോജനമുണ്ടാവുക കോൺഗ്രസ് ഒഴികെയുള്ള പാർട്ടികൾക്കാണെന്നു കരുതാനേ ന്യായം കാണുന്നുള്ളൂ. പക്ഷേ, യുവജനങ്ങളുടെ തള്ളിക്കയററം ഈ പാർട്ടികൾക്കകത്തു് ഇപ്പോഴുള്ള അധികാരസന്തുലനത്തെ തകരാറിലാക്കിയേക്കാം.

രാഷ്ട്രത്തിന്റെ ഭാഗധേയം രൂപപ്പെടുത്തുന്നതിലും നിയന്ത്രിക്കുന്നതിലും യുവജനങ്ങൾക്കു പങ്കാളിത്തം കൊടുക്കാൻ വൃദ്ധാധിപത്യത്തിൽ പുലരുന്ന നമ്മുടെ രാഷ്ട്രീയകക്ഷികൾ തയ്യാറാണോ എന്നതാണു് ഏററവും മുഖ്യമായ പ്രശ്നം. ഏതായാലും വോട്ടർമാരുടെ പ്രായപരിധിയിൽ ഇളവുവരുത്തുന്നതു സംബന്ധിച്ച നിയമം പാർലമെൻറിൽ വരുംമുമ്പു് ജനങ്ങൾക്കിടയിൽ അതിന്റെ ഗുണദോഷങ്ങൾ സംബന്ധിച്ചു് വ്യാപകവും ഉദ്ബുദ്ധവുമായ ചർച്ച നടക്കുന്നതു് പ്രയോജനകരമായിരിക്കും.

(31 ഒക്ടോബർ, 1988)

# 37. മാനനഷ്ട ബിൽ

'1988-ലെ മാനനഷ്ടബിൽ നിരുപാധികമായും അസന്ദിഗ്ദ്ധമായും പിൻവലിക്കുമെന്നു് ഉറപ്പുവരുത്താൻ എല്ലാ പ്രയത്നവും അനുഷ്ഠിക്കുമെന്നും, അതിനായി എന്തു ത്യാഗവും കഷ്ടപ്പാടും ഒഴിവാക്കുകയില്ലെന്നും പത്രപ്രവർത്തനസേവനത്തിലെ അംഗങ്ങളായ ഞങ്ങൾ ഇന്നിവിടെ പ്രതിജ്ഞചെയ്യുന്നു. ഭയമോ